LIBRARY ARCHIVES Kerala Legislative Assembly

അങ്കമാലി സബ്ഡിപ്പോ ബി. ഒ. റ്റി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് നടപടി

130 [3535] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കെ. എസ്. ആർ. ടി. സി. സബ്ഡിപ്പോ ഒ. ബി. റ്റി. അടിസ്ഥാനത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഡിപ്പോയുടെ നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ നാഷണൽ ഹൈവേയും എം. സി. റോഡും തമ്മിൽ സന്ധിക്കുന്ന അങ്കമാലി ഹൈവേ ജംഗ്ഷനോടുചേർന്നുള്ള സബ്ഡിപ്പോ വക സ്ഥലത്ത് ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചു കൂടുതൽ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) പ്രസക്തമല്ല.

(സി) സ്വീകരിക്കുന്നതാണ്.

കിഴക്കേകോട്ടയിൽനിന്നും പട്ടം മുറിഞ്ഞപാലം വഴി മെഡിക്കൽകോളേജിലേക്കുള്ള സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി

131 [3536] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേകോട്ടയിൽനിന്ന് പട്ടം മുറിഞ്ഞപാലം വഴി മെഡിക്കൽ കോളേജിലേക്കുള്ള സിറ്റി ബസ് സർവ്വീസ് നിർത്തിവച്ചത് എന്നു മുതലാണ്;

(ബി) പ്രസ്തുത സർവ്വീസ് നിർത്തിവയ്ക്കാനുള്ള കാരണമെന്ത്;

(സി) പ്രസ്തുത സർവ്വീസ് നടത്തുന്ന റോഡിൽകൂടി മെഡിക്കൽകോളേജ് വഴിയുള്ള ലൈൻ ബസ്സുകളും ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും ഓടിത്തുടങ്ങിയിട്ടും സിറ്റി സർവ്വീസ് ബസ്സുകളും സ്വകാര്യ ബസ്സുകളും സർവ്വീസ് നടത്താത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ റോഡിൽ കൂടിയുള്ള ബസ് സർവ്വീസ് നിർത്തിവയ്ക്കുന്നതിന്

മുൻപ് അതുവഴി സർവ്വീസ് നടത്തിയിരുന്ന എല്ലാ ഷെഡ്യൂളുകളും പ്രൈവറ്റ് ബസ്സുകളും സർവ്വീസ് നടത്താൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ, ബി) 8-3-2003 മുതൽ 28-3-2003 വരെ ഡ്രൈയിനേജ് പണിയോടനുബന്ധിച്ച് റോഡ് ബ്ലോക്കു ചെയ്തത് കാരണം താൽക്കാലികമായി സർവ്വീസ് നിർത്തിവയ്ക്കുകയുണ്ടായി. ഇത് പുനരാരംഭിച്ചിട്ടുണ്ട്.

(സി) സിറ്റി ബസ് ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്.

(ഡി) കെ. എസ്. ആർ. ടി. സി.-യുടെ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്. സ്വകാര്യ ബസ്സുകളുടെ കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കാക്കാമൂല-വെള്ളായണി-തൈക്കാട്-ഈശ്വരവിലാസം ലേഡീസ് ഓൺലി ബസ് സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി

132 [3537] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. പാപ്പനംകോട് ഡിപ്പോയിൽ നിന്നും കാക്കാമൂല-വെള്ളായണി-തൈക്കാട്-ഈശ്വരവിലാസം ലേഡീസ് ഓൺലി ബസ് സർവ്വീസ് നടത്തിയിരുന്നോ;

(ബി) കൈമനം വനിതാ പോളിടെക്നിക്, കരമന എൻ. എസ്. എസ്. വനിതാ കോളേജ്, തൈക്കാട് ബി. എഡ്. ട്രെയിനിംഗ് കോളേജ്, വഴുതക്കാട് ഗവൺമെന്റ് വിമൻസ് കോളേജ്, വഴുതക്കാട് ഗവൺമെന്റ് ഹയർ സെക്കന്ററി കോട്ടൺഹിൽ സ്കൂൾ എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന അനവധി വിദ്യാർത്ഥിനികൾക്ക് പ്രയോജനം ചെയ്തിരുന്നതാണ് ഈ സർവ്വീസെന്ന് അറിയാമോ;

(സി) നിലവിൽ ഈ സർവ്വീസ് നിറുത്തലാക്കിയിട്ടുണ്ടോ;

(ഡി) ഇതിന് പകരമായി ഈ വിദ്യാർത്ഥിനികൾക്ക് യാത്ര ചെയ്യാൻ ലേഡീസ് ഓൺലി ബസ് കാക്കാമൂല നിന്നും സർവ്വീസ് നടത്തുന്നുണ്ടോ;

(ഇ) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒറ്റ കൺസഷൻ ടിക്കറ്റ് മാത്രം ലഭിച്ചിട്ടുള്ള വിദ്യാർത്ഥിനികളുടെ സൗകര്യാർത്ഥം പ്രസ്തുത സർവ്വീസ് അടിയന്തിരമായി പുനരാരംഭിക്കുവാൻ ഉത്തരവ് നൽകുമോ?

ഉത്തരം

(എ) നടത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly